# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :T *3457

12-12-2014 ൽ മറുപടിയ്ക്ക്

ഭക്ഷ്യ സുരക്ഷ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പാലോട് രവി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(എ) യും (ബി) യും കൃഷി വകുപ്പ് നടപ്പാക്കിവരുന്ന കാർഷിക വികസന പദ്ധതികൾ ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി കൊണ്ടുള്ളതാണ്. ഇതിൽ പ്രധാന ഭക്ഷ്യവിളകളായ നെല്ല്,വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും അതോടൊപ്പം അവയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്ന തിനുമായി കൃഷി വകുപ്പ് സംസ്ഥാനാ- വിഷ്കൃത പദ്ധതി പ്രകാരവും കേന്ദ്ര സഹായത്തോടെയും നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന കൃഷി വകുപ്പ് നെൽകൃഷി വികസനത്തിനായി വിവിധ ഉല്പാദനോ- പാധികൾ (വിത്ത്, വളം, കീട/ കളനാശിനി മുതലായവ) കർഷകർക്ക് ലഭ്യമാക്കുന്നതിന് ഹെക്ടറിന് 4500 (നാലായിരത്തി അഞ്ഞൂറ്) രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതോടൊപ്പം വിവിധ നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം, പ്രത്യേകതരം നെൽ കൃഷികളുടെ വികസനം (ഉദാ:- പൊക്കാളി നെൽകൃഷി, ഞവരനെൽകൃഷി മുതലായവ) പാടശേഖരസമിതികളുടെ പ്രവർത്ത നത്തിനുള്ള ധനസഹായവും നൽകി വരുന്നു. കൂടാതെ ഗുണമേന്മയുള്ള നെൽവിത്തുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് സീഡ് വില്ലേജ്, രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി (ആർ.എസ്.ജി.പി) എന്നീ പദ്ധതികളുടെ

അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് നല്ലയിനം നെൽ വിത്തുകൾ നൽകി കൃഷി ചെയ്യിക്കുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന സർട്ടിഫൈഡ് നെൽവിത്തുകൾ ഗുണ നിലവാരം പരിശോധിച്ച് മെച്ചപ്പെട്ട വില നൽകി വിത്ത് വികസന അതോറിറ്റി മുഖാന്തിരം തിരിച്ചെടുക്കുന്നു. "വിത്തു ഗുണം പത്തു ഗുണം" എന്ന ഗുണപാഠമനുസരിച്ച് ഇപ്രകാരം ഉല്പാദിപ്പിക്കുന്ന നല്ലയിനം വിത്തുകൾ വിവിധ കർഷകർക്ക് വിതരണം ചെയ്ത് ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നു. നെൽകൃഷിയ്ക്കാവശ്യമായ വെള്ളം പമ്പ് ചെയ്യുന്ന തിനുള്ള വൈദ്യുതി പൂർണ്ണമായും സൗജന്യമായാണ് നൽകി വരുന്നത്. കൂടാതെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 1000 രൂപ ഉല്പാദന ബോണസ് എന്ന നിലയിലും കർഷകർക്ക് നൽകിവരുന്നു. ഇതു കൂടാതെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ മാത്രമായി നെൽകൃഷിയ്ക്ക് ഒരു പ്രത്യേക പദ്ധതിയും നടപ്പിലാക്കി വരുന്നു.

പച്ചക്കറി കൃഷിയെ സംബന്ധിച്ച് 2012-13 സാമ്പത്തിക വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി കൃഷി വികസന പദ്ധതി, പദ്ധതി ഘടകങ്ങളുടെ വൈവിദ്ധ്യം കൊണ്ടും സുതാര്യത കൊണ്ടും ബഹുജന പങ്കാളിത്തം കൊണ്ടും ശ്രദ്ധേയ മായിട്ടുണ്ട്. 5 ഹെക്ടർ വീതമുള്ള സ്ഥലത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. വീട്ടമ്മമാർ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർക്ക് സൗജന്യമായി വിത്ത് വിതരണം, സ്കൂളുകളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കൽ, നഗരങ്ങളിൽ ടെറസ്സിൽ കൃഷി വ്യാപിപ്പിക്കുന്നതിനായി ഗ്രോബാഗുകളുടെ വിതരണം, സ്വകാര്യ സർക്കാർ വക കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധന സഹായം എന്നിവ എടുത്തു പറയേണ്ട ഘടകങ്ങളാണ്. കൂടാതെ ദൃശ്യ,ശ്രാവ്യ, അച്ചടി മാദ്ധ്യമങ്ങളിലൂടെ പദ്ധതിയെക്കുറിച്ചും പച്ചക്കറി

(ബി) ഇവ കൂടുതൽ ശാക്തീകരിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദീകരിക്കാമോ;

കൃഷിയെക്കുറിച്ചും പൊതുവേയും നടത്തി വരുന്ന പരസ്യം പച്ചക്കറിയിൽ "സ്വയം പര്യാപ്തത" എന്ന പദ്ധതി ലക്ഷ്യത്തെ ഏറെ സഹായിക്കുന്നു.

(സി) ഭക്ഷ്യ ഉത്പാദനം, സംഭരണം, സൂക്ഷിപ്പ് എന്നിവ ശക്തിപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കുന്നതിനും സ്വീകരിക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ?

(സി) കാർഷികോല്പന്നങ്ങളുടെ സംഭരണം, സൂക്ഷിപ്പ് എന്നീ മേഖലകളിലും കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏറെ സഹായിക്കുന്നു. വിലസ്ഥിരതയ്ക്കായി വിപണിയിൽ ഇടപെടൽ എന്ന പദ്ധതിയനുസരിച്ച് കാർഷികോല്പന്നങ്ങളായ നെല്ല്, പച്ചതേങ്ങ, റബ്ബർ എന്നിവയുടെ വില വളരെയധികം താഴുന്ന സാഹചര്യങ്ങളിൽ കേരഫെഡ്, മാർക്കറ്റ് ഫെഡ് മുതലായ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന ഈ ഉല്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് വിപണിയിലെ ഉല്പന്നവില പിടിച്ചു നിർത്തുന്നതിനും ചില അവസരങ്ങളിൽ ഉയർത്തുന്നതിനും ഇടയാക്കിയിട്ടുണ്ട്. സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം സംസ്ഥാനത്തെ പ്രധാന നെൽകൃഷി മേഖലകളിലെ കർഷകരെ അളവറ്റ് സഹായിക്കുന്നു. 2014 മാർച്ച് മാസം മുതൽ കിലോയ്ക്ക് 19 രൂപയാണ് സംഭരണവില. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ കൃഷിവകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാരവിപണി കളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങൾ വഴിയും സംഭരിച്ച് അവ ഗ്രേഡ് തിരിച്ച് ലേലം നടത്തി കർഷകന് ന്യായമായ വില നൽകി വരുന്നു.

സെക്ഷൻ ഓഫീസർ